# SABTMHSS THAYINERI

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

സയ്യിദ് അബ്ദുൾ റഹ്മാൻ ബാഫഖി തങ്ങൾ മെമ്മോറിയൽ ഹയർസെക്കന്ററി സ്കൂൾ തായിനേരി

## സ്കൂൾ വിവരങ്ങൾ

| | |
|---|---|
| 1. റവന്യൂ ജില്ല | : കണ്ണൂർ |
| 2. സ്കൂൾ കോഡ് | : **13087** |
| 3. സ്കൂളിന്റെ പേര് | : എസ് എ ബി ടി എം ഹയർ സെക്കണ്ടറി സ്കൂൾ തായിനേരി , |
| 4. മേൽവിലാസം | : തായിനേരി,. പയ്യന്നൂർ<br>കണ്ണൂർ ജില്ല |
| 5. പിൻകോഡ് | : 670307 |
| 6. ഫോൺ നമ്പർ | : 04985 209794 |
| 7. ഇ-മെയിൽ അഡ്രസ് | : sabtmhst@gmail.com |
| 8. മുനിസിപ്പാലിറ്റി | : പയ്യന്നൂർ മുനിസിപ്പാലിറ്റി |
| 9. വിദ്യാഭ്യാസ ജില്ല | : തളിപ്പറമ്പ |
| 10.സബ്ജില്ല | : പയ്യന്നൂർ |
| 11. ക്ലാസുകൾ | : 1 മുതൽ 12 വരെ |
| 12. മാനേജ്മെന്റ് | : എയ്ഡഡ് |
| 13. പഠനമാധ്യമം | : മലയാളം, ഇംഗ്ലീഷ് |

# താളുകളിലൂടെ


| | |
|---|---|
| ആമുഖം | |
| ചരിത്രം | |
| നേട്ടങ്ങളും നാഴികക്കല്ലുകളും | |
| ലക്ഷ്യങ്ങൾ | |
| മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ | |
| ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ എൽ. പി | |
| ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ യു പി | |
| ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഹൈസ്കൂൾ | |
| ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ക്ലബ്, ജനറൽ | |
| ഉപസംഹാരം: | |

# ആമുഖം

കണ്ണൂർ ജില്ലയിലെ, തളിപ്പറമ്പ് വിദ്യാഭ്യാസ ജില്ലയിൽ, പയ്യന്നൂരിന്റെ ഹൃദയഭാഗത്തായി സ്ഥിതിചെയ്യുന്ന സയ്യിദ് അബ്ദുൾ റഹ്മാൻ ബാഫഖി തങ്ങൾ മെമ്മോറിയൽ ഹയർസെക്കന്ററി സ്കൂൾ തായിനേരി പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുടെ മികവുറ്റ ഏകോപനത്തിലൂടെ വിദ്യാഭ്യാസരംഗത്തെ മാതൃകയായി നിലകൊള്ളുന്നു. ഏറ്റവുമധികം വിദ്യാർത്ഥികൾ പഠിക്കുന്ന,ജില്ലയിലെ പ്രധാനപ്പെട്ട വിദ്യാലയങ്ങളിലൊന്നു കൂടിയാണിത്.

അറിവിന്റെയും അൻപിന്റെയും സജീവമായ വിനിമയങ്ങളിലൂടെ നൂറിന്റെ നിറവിലെത്തി നിൽക്കുന്ന ഈ വിദ്യാലയത്തിന്റെ അനുദിനമുള്ള മുന്നേറ്റത്തിന്റെയും വികസനത്തിന്റെയും ദൃഷ്ടാന്തമാണ് അക്കാദമികകലാകായിക രംഗങ്ങളിലെ തിളക്കമാർന്ന നേട്ടങ്ങൾ.നമ്മുടെ വിദ്യാലയത്തിന്റെ മേന്മ കണ്ടും കേട്ടും അറിഞ്ഞും മനസ്സിലാക്കിയും എഴുന്നൂറോളം വിദ്യാർഥികൾ നമ്മുടെ ക്ലാസ്സ്മുറികളിലേക്ക് ഈ അദ്ധ്യയനവർഷം തന്നെ പുതുതായി വന്നുചേർന്നിട്ടുണ്ട്. അക്കാദമികരംഗത്തെ ചിട്ടയോടുകൂടിയ പ്ലാനിംഗ്, ശിശുസൗഹൃദപരമായ പഠനാന്തരീക്ഷം, കുട്ടികളിലെ നൈസർഗികമായ താൽപര്യങ്ങൾ തിരിച്ചറിഞ്ഞുള്ള പ്രോത്സാഹനം എന്നിങ്ങനെ മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ ആഴത്തിലറിഞ്ഞ് മാറ്റങ്ങൾ ഉൾക്കൊണ്ടുള്ള പ്രവർത്തനപദ്ധതി തയ്യാറാക്കാൻ നമ്മുടെ വിദ്യാലയം എല്ലായ്പ്പോഴും സജ്ജമാണ്.

ഹരിതഭംഗിയാൽ ചുറ്റപ്പെട്ട വിദ്യാലയപരിസരത്ത് വിദ്യ പോലെ പ്രധാനമാണ് വൃത്തി എന്ന ആശയത്തെ കേന്ദ്രീകരിച്ച് വിദ്യാർത്ഥികളടക്കം പ്രവർത്തിക്കുന്നുവെന്നത് നമ്മുടെ വിദ്യാലയത്തിന്റെ മുഖമുദ്രയാണ്. വിദ്യാലയത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിനാവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കാനും അതിന്റെ വികസനം ലക്ഷ്യമാക്കിയുള്ള നൂതനാശയങ്ങൾ ആവിഷ്കരിക്കുന്നതിനായും മാനേജ്മെന്റ്, പി.ടി.എ എന്നിവയുടെ ശക്തമായ ഇടപെടലും സഹകരണവും സചേതനമായി തുടരുന്നുവെന്നത് ഈ വിദ്യാലയത്തെ മനോഹരമായി നിലനിർത്തുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിരംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം (Inclusive Education) പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന്

കഴിയുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ. യുടെ ഇടപെടലും പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ, പയ്യന്നൂർ മുനിസിപ്പാലിറ്റി തുടങ്ങിയവയുടെ പൂർണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു.

ബഹുമാനപ്പെട്ട ബാഫഖി തങ്ങളുടെ നാമധേയത്തിലുള്ള ഈ വിദ്യാലയം ന്യൂനപക്ഷ സമുദായങ്ങളുടെ ഉന്നമനത്തിനും സമഗ്രമായ വിദ്യാഭ്യാസം പരിപോഷിപ്പിക്കുന്നതിനുമുള്ള മഹത്തായ ദൗത്യവുമായാണ് സ്ഥാപിതമായത്. പരിവർത്തനാത്മകമായ യാത്രയിലൂടെ, ടഅആ്ഠങഒടട തായിനേരി അറിവിന്റെ പ്രകാശഗോപുരമായി മാറി, വിദ്യാർത്ഥികളുടെ തലമുറകളെ പരിപോഷിപ്പിക്കുകയും സമൂഹത്തിന് അർത്ഥപൂർണ്ണമായ സംഭാവന നൽകാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

# ചരിത്രം

നമ്മുടെ പ്രദേശത്തിന്റെ സമ്പന്നമായ ചരിത്രത്തിൽ ആഴത്തിൽ വേരൂന്നിയ വിദ്യാഭ്യാസ മികവിന്റെയും ക മ്യൂണിറ്റി സേവനത്തിന്റെയും അഭിമാനകരമായ പൈതൃകമാണ് സയ്യിദ് അബ്ദുൾ റഹ്മാൻ ബാഫഖി തങ്ങൾ മെമ്മോറി യൽ ഹയർസെക്കന്ററി സ്കൂൾ  തായിനേരിക്കുള്ളത്. 1925 ൽ ഇരുപതോളം വിദ്യാർത്ഥികളുമായി ആരംഭിച്ച ഈ പ്രാഥമീക വിദ്യാലയം തായിനേരിയിൽ ഓലമേഞ്ഞ വാടക കെട്ടിടത്തിലായിരുന്നു നടത്തിയിരുന്നത്. 1937 ലാണ് പി എം അബ്ദുറഹ്മാൻ മൗലവി പ്രധാനദ്ധ്യാപകനും, അദ്ദേഹത്തിന്റെ ഭാര്യ സഹോദരൻ ഇ അബ്ദുറഹ്മാൻ മാസ്റ്റർ മാനേജരുമായി ഈ വിദ്യാലയം തുടരുന്നത്.

ഇക്കാലയളവിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റിൽ നിന്നായിരുന്നു കെട്ടിട വാടക, അദ്ധ്യാപകുടെ ശമ്പളം എന്നിവ നൽകിയിരുന്നത്. ഈ വിദ്യാലയത്തിന് 1950 ലാണ് ആദ്യമായി ഒരു ഓടിട്ട കെട്ടിടം നിർമ്മിക്കുന്നത്. അതു വരെ സ്കൂൾ പ്രവർത്തിച്ചിരുന്നത് കാട്ടൂർ മൊയ്തീൻ കുട്ടി എന്നവരുടെ പീടിക മുറികളിലായിരുന്നു. ശേഷമാണ് ശ്രീ. ടി എൻ നാരായണൻ അടിയോടി മാസ്റ്ററെ പ്രധാനദ്ധ്യാപകനായി നിയമിച്ചിരുന്നത്. ഇദ്ദേഹം ജയിൽ വാസം വരിച്ച പ്രശസ്ത സ്വാതന്ത്ര്യ സമര സേനാനി കൂടിയായിരുന്നു.

കേരള സംസ്ഥാന രൂപീകരണത്തോടെ കേരള വിദ്യാഭ്യാസ ചട്ടം നിലവിൽ വന്നതിന് ശേഷം 1 മുതൽ 5 വരെ ക്ലാസ്സുകളിലേക്ക് കുട്ടികളെ പ്രവേശിപ്പിക്കുന്നതിന് അനുമതി ലഭിക്കുകയുണ്ടായി.

വിദ്യാലയത്തിന്റെ സുഖകരമായ നടത്തിപ്പിന്നായി 1962 ൽ തായിനേരി മുസ്‌ലിം എഡുക്കേഷൻ സൊസൈററി എന്ന പേരിൽ ഒരു കമ്മിററി രൂപീകരിക്കുകയും പ്രഥമ അദ്ധ്യക്ഷനായി ജ: എം സി മൊയ്തു ഹാജി എന്നവരും പ്രഥമ മാനേജരായി .ജനാബ് മുക്രി അബ്ദുൽ ഖാദർ ഹാജി എന്നവരെയും തെരഞ്ഞെടുത്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

ഈ പ്രദേശത്തിന്റെ ഭൗതിക സാഹചര്യവും ന്യൂനപക്ഷ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയും പരിഗണിച്ചു അന്നത്തെ സർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി അന്നത്തെ വിദ്യാഭ്യാസ മന്ത്രി ജനാബ്: സി.എച്ച് മുഹമ്മദ് കോയ 1965 ൽ യു.പി സ്കൂളായി ഉയർത്തുന്നതിന് അനുമതി നൽകുകയും എം.എ.എൽ.പി സ്കൂൾ എന്നത് എം.എ.യു.പി സ്കൂൾ എന്ന് പുനർനാമകരണം ചെയ്യുകയും ചെയ്തു. സ്കൂളിന് വേണ്ടുന്ന ക്ലാസ് മുറികൾ ഉൾപ്പടെയുള്ള ഭൗതിക സാഹചര്യങ്ങൾ 1967 അധ്യയന വർഷാരംഭത്തിന് മുമ്പായി പൂർത്തീരിക്കുകയും ഇ ന്നത്തെ പുതിയ കെട്ടിടത്തിന്റെ സ്ഥാനത്ത് നിലനിന്നിരുന്ന ഓടിട്ട ബിൽഡിംഗ് അന്നത്തെ വിദ്യാഭ്യാസ മന്ത്രി സി.എച്ച് മുഹമ്മദ് കോയ സാഹിബ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. മുസ്ലിം ന്യൂനപക്ഷവും, ഹരിജനങ്ങൾ തിങ്ങി പാർക്കുന്ന പ്രദേശവും കുട്ടികളുടെ വിദ്യാഭ്യാസം ഏഴാം ക്ലാസ്സ് വെച്ച് അവസാനിപ്പിക്കുന്ന സാഹചര്യം മനസ്സിലാക്കി അന്നത്തെ മുസ്ലിം എഡുക്കേഷൻ കമ്മിററിയുടെ ശ്രമ ഫലമായി മാനേജർ ജനാബ് മുക്രി അബ്ദുൽ ഖാദർ ഹാജി യുടെ നേതൃത്വത്തിൽ ഖാലിദ് ഹാജി വലിയപറമ്പ എന്നവർ മുഖേന അന്നത്തെ വിദ്യാഭ്യാസ മന്ത്രി ജനാബ്: സി എച്ച് മുഹമ്മദ് കോയ സാഹിബിനെ സമീപിച്ച് നമ്മുടെ നാടിന്റെ സാഹചര്യം അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തി നിവേദനം നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 1979 അധ്യയന വർഷാരംഭത്തിൽ എട്ടാം തരം കുട്ടികൾക്ക് പ്രവേശനം നൽകുന്നതിന് അനുമതി നൽകുകയും ചെയ്തു. കെട്ടിടവും കളി സ്ഥലവും ഉൾപ്പെടെയുള്ള ഭൗതീക സാഹചര്യം തയ്യാറാക്കിയാൽ പൂർണ്ണ തോതിലുള്ള ഹൈസ്കൂൾ പ്രവർത്തനാനുമതി നൽകാമെന്ന വ്യവസ്തയുടെ

അടിസ്ഥാനത്തിൽ 1979 ൽ തന്നെ എട്ടാം ക്ലാസ്സ് ആരംഭിച്ച് 1982 ൽ ആദ്യ എസ്.എസ്.എൽ.സി ബാച്ച് പുറത്തിറങ്ങി. ഈ വിദ്യാലയത്തിലെ ആദ്യ എസ്.എസ്.എൽ.സി പരീക്ഷയിൽ 35 റഗുലർ വിദ്യാർത്ഥികളും 85 പ്രൈവററ് ഓവർ ഏജ്ഡ് വിദ്യാർത്ഥികളുമാണ് പങ്കെടുത്തത്. വിജയ ശതമാനം 30 ൽ താഴെ മാത്രമേ നേടാൻ മാത്രമേ സാധിച്ചുള്ളൂ. 1982 ൽ തായിനേരി മുസ്ലിം എഡുക്കേഷൻ കമ്മിററിയുടെ തീരുമാന പ്രകാരം എം.എ.യു.പി സ്കൂൾ എന്ന പേര് മാററി സയ്യിദ് അബ്ദുൾ റഹ്മാൻ ബാഫഖി തങ്ങൾ മെമ്മോറിയൽ ഹൈസ്കൂളായി പുന നാമകരണം ചെയ്തു.

1984 ൽ, ഹെഡ്മാസ്റ്ററായി ശ്രീ. സി നാരായണൻ നമ്പ്യാർ ചാർജ്ജെടുത്തതിന് ശേഷമാണ് എസ്.എസ്.എൽ.സി വിജയ ശതമാനത്തിൽ വൻ വർദ്ധനവ് ഉണ്ടായിട്ടുള്ളത്. കൂടാതെ 1987, 1988 വർഷം എസ് എസ് എൽ സി ക്ക് 100 ശതമാനം വിജയം കരസ്ഥമാക്കി സംസ്ഥാന തലത്തിൽ തന്നെ നമ്മുടെ വിദ്യാലയം ശ്രദ്ധേയമായിരുന്നു. ഇക്കാലയളവിൽ പ്രധാനദ്ധ്യാപകനായിരുന്ന ശ്രി. സി നാരായണൻ നമ്പ്യാർ അവർകൾക്ക് ഏററവും മികച്ച അധ്യാപകനുള്ള ദേശീയ അവാർഡും ലഭിച്ചിട്ടുണ്ട്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി രക്ഷിതാക്കളുടെ ആവശ്യ പ്രകാരം 1995 ൽ ഇംഗ്ലീഷ് പാരലൽ ഡിവിഷൻ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ വകുപ്പിൽ നിന്നും അനുമതി വാങ്ങി ക്ലാസ്സുകൾ ആരംഭിച്ചു. തുടക്കത്തിൽ കുട്ടികളുടെ കുറവ് കാരണം ഡിവിഷൻ അനുവദിക്കുന്നതിന് പ്രയാസമുള്ളതിനാൽ ഇളവ് അനുവദിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഉത്തരവ് നേടിയെടുത്തിട്ടാണ് ക്ലാസ്സുകൾ മുന്നോട്ട് കൊണ്ടു പോയത്. എന്നാൽ ഇപ്പോൾ മലയാളം മീഡിയം കുട്ടികളെ ലഭിക്കാനാണ് പ്രയാസം എന്നത് വസ്തുതയാണ്. 2003 ൽ അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ജ: ഇ ടി മുഹമ്മദ് ബഷീർ അൺഎയ്ഡഡ് ഹയർ സെക്കന്ററി ബാച്ച് അനുവദിക്കുകയും കുട്ടികൾക്ക് പ്രവേശനം നൽകുകയും ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു. പിന്നീട് നമ്മുടെ ജൈത്ര യാത്രയിൽ നാഴിക കല്ല് എന്ന് വിശേഷിപ്പിക്കാവുന്നത് എയ്ഡഡ് മേഖലയിൽ ഹയർ സെക്കന്ററി വിഭാഗത്തിൽ സയൻസ്, കൊമേഴ്സ് എന്നീ രണ്ട് ബാച്ചുകൾ 2014 ൽ അന്നത്തെ വിദ്യാഭ്യാസ മന്ത്രി ജ: പി കെ അബ്ദുറബ്ബ് അനുവദിക്കുകയും ചെയ്തതാണ്.

## നേട്ടങ്ങളും നാഴികക്കല്ലുകളും

ഈ നൂറു വർഷത്തെ പ്രയാണത്തിൽ പാഠ്യ പാഠ്യേതര മേഖലകളിൽ സ്തുത്യർഹമായ പ്രകടനങ്ങൾ കാഴ്ച വെക്കാൻ നമ്മുടെ വിദ്യാലയത്തിനായിട്ടുണ്ട്. കായിക മേഖലയിൽ സംസ്ഥാന ഖൊ ഖൊ ടീം, ഫുട്ബോൾ ടീം, ക്രിക്കററ് ടീം, ബാഡ്മിന്റൺ എന്നിവയിൽ നമ്മുടെ വിദ്യർത്ഥികളുടെ സാന്നിധ്യമുണ്ട്. കലാ മത്സരങ്ങളിൽ എന്നും നമ്മുടെ വിദ്യാലയം മികച്ച പ്രകടനങ്ങളാണ് കഴ്ച വെച്ച് വരുന്നത്. ഉപജില്ല സ്കൂൾ കലോത്സവങ്ങളിൽ തുടർച്ചയായി ചാമ്പ്യഷിപ്പുകളും, അറബിക് കലോത്സവം ഉൾപ്പെടുത്തിയത് മുതൽ തുടർച്ചയായി 16 വർഷം ചാമ്പ്യൻഷിപ്പും, സംസ്കൃതോത്സവത്തിൽ 11 തവണയും ജേതാക്കളായത് നമ്മുടെ കുട്ടികളുടെ മികവുററ പ്രവർത്തനങ്ങൾ ഒന്ന് കൊണ്ട് മാത്രമാണ്. കൂടാതെ കഴിഞ്ഞ വർഷം തിരുവനന്തപുരത്തു വെച്ച് നടന്ന സംസ്ഥാന സ്കൂൾ കലോത്സവ മത്സരങ്ങളിൽ പങ്കെടുത്ത് ഹയർ സെക്കന്ററി, ഹൈസ്കൂൾ അറബന മുട്ടിൽ എ ഗ്രെഡും കരസ്ഥമാക്കിയിരുന്നു. എൻ.എസ്.എസ്, ജെ.ആർ.സി, സ്കൗട്, ഗൈഡ്സ്, കബ്ബ്, ബുൾബുൾ, ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ ക്ലബ്ബുകൾ അധ്യാപകരുടെ നേതൃത്വത്തിൽ മികച്ച സേവനങ്ങൾ നടത്തി വരുന്നു.

# ലക്ഷ്യങ്ങൾ

1. **വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വ വികസനം ലക്ഷ്യമാക്കുക**
2. അധ്യായന നിലവാരത്തിലെ മെച്ചപ്പെടുത്തലിന് റിമെഡിയൽ ക്ലാസുകളും മുൻകൂട്ടി തയ്യാറാക്കിയ തയാറെടുപ്പുകളും നടപ്പാക്കുക.
3. മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പാക്കുക
4. പാഠ്യേതര പ്രവർത്തനങ്ങളിൽ 100% പങ്കാളിത്തം ഉറപ്പാക്കുക
5. ഡിജിറ്റൽ പഠന സൗകര്യങ്ങൾ പൂർണമായി പ്രയോജനപ്പെടുത്തുക
6. നൂറ്റാണ്ട് ആഘോഷത്തിന്റെ പ്രചോദനം വിദ്യാർത്ഥികളിലേക്ക് പകരുക
7. ശാസ്ത്ര, കായിക, കലാമേളകളിൽ വിദ്യാർത്ഥികളെ ജില്ല, സംസ്ഥാനം തലങ്ങളിൽ പങ്കെടുപ്പിക്കുക.
8. കരിയർ മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി Career Guidance, Alumni Talk, Mock Interviews എന്നിവ സംഘടിപ്പിക്കുക.
9. രക്ഷിതാക്കളുമായുള്ള സംവേദനം മെച്ചപ്പെടുത്തുക
10. പരിസ്ഥിതി ബോധം വളർത്തുക
11. സാമ്പത്തികമായി പിന്നോക്കമായ വിദ്യാർത്ഥികൾക്ക് പ്രത്യേക പിന്തുണ നൽകുക.
12. വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ വഴിയും പാഠഭാഗങ്ങളിലൂടെയും നൈപുണ്യങ്ങൾ വളർത്തുക.
13. ഭാഷാപരമായ വൈദഗ്ധ്യം വളർത്താൻ പ്രസംഗ മത്സരം, ലേഖനം, കഥപറയൽ, പുസ്തക അവലോകനം എന്നിവ സംഘടിപ്പിക്കുക.
14. വിഷയ അടിസ്ഥാന ക്ലാസ് മാഗസീനുകൾ വഴി രചനാത്മകത വളർത്തുക.
15. പഠനരീതിയിൽ ആധുനികത – ഗ്രൂപ്പ് ആക്ടിവിറ്റി, ക്വിസ്, ലൈഫ് സ്കിൽ ക്ലാസുകൾ.
16. അദ്ധ്യാപകർക്ക് തുടർ പരിശീലനം (ഓൺലൈൻ/ഓഫ്ലൈൻ പരിശീലനങ്ങൾ)
17. കൗമാര സംരക്ഷണ പ്രവർത്തനങ്ങൾ – ആരോഗ്യ ക്ലാസുകൾ, ലൈംഗിക വിദ്യാഭ്യാസം, കൗൺസിലിംഗ്.
18. വിദ്യാർത്ഥികളുടെ കാഴ്ചപ്പാടുകൾ വികസിപ്പിക്കുക – വിവേകബോധം, രാജ്യസ്നേഹം, സാമൂഹിക ചുമതല.
19. മികച്ച ഗ്രന്ഥശാല സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തുക – വായനാ ക്ലബ്, പുസ്തക ദിനാചരണം എന്നിവ സംഘടിപ്പിക്കുക.
20. വിദ്യാലയത്തെ സംസ്ഥാനതല മാതൃകാ സ്ഥാപനം ആക്കുക – മികച്ച ശിക്ഷണ രീതിയും മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട്.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

- വായനാ ശേഷി വർദ്ധിപ്പിക്കൽ
- അധ്യാപക ശാക്തീകരണം
- ഭാഷാശേഷി വികസനം
- ഗണിത ശേഷി വികസനം
- ലൈബ്രറി ശാക്തീകരണം
- ഇംഗ്ലീഷ് പഠനം , അനായാസകരമാക്കൽ
- ശാസ്ത്രപോഷണ പരിപാടി
- ലബോറട്ടറി നവീകരണം
- പ്രതിഭാപോഷണ പരിപാടി
- ജൈവ വൈവിധ്യ പാർക്കുകൾ
- സ്കോളർഷിപ് പരീക്ഷാ പരിശീലനം
- പഠന യാത്രകൾ
- പ്രവൃത്തി പരിചയ പരിശീലനം
- കലാപരിപോഷണം
- സാഹിത്യ ശില്പശാലകൾ
- മെഡിക്കൽ ക്യാമ്പുകൾ

# ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ എൽ.പി

## ഉപമേഖല എൽ.പി മലയാളം – ക്ലാസ്സ് – 1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടി കളെയും സ്വതന്ത്ര വായന ക്കാരാക്കുക, വായനാ ശീലം വളർത്തുക | വായ ന ാകൂട്<br>വായനോത്സവം<br><br>പുസ്തക ക്കുടുക്ക<br>പുസ്ത ക വണ്ടി | ജൂൺ<br>മാർച്ച്<br><br>ജൂൺ -<br>സെപ്തംബർ | | |
| താളം മനസിലാക്കി പാഠഭാ ഗത്തുള്ളതും മറ്റ് സമാന കവി തകളും ഈണം നൽകി ഭാവാ ത്മകമായി അവതരിപ്പിക്കുക | പാട്ടരങ്ങ്<br>കുട്ടിക്കൂട്ടം<br>കിങ്ങിണിക്കൂട്ടം | ജൂലായ് -<br>ഫെബ്രുവരി<br>(മാസത്തിൽ) | | |
| അടിസ്ഥാന ഭാഷാശേഷി വികാസം | കഥോത്സവം | ജൂലായ് -<br>ഫെബ്രുവരി | | |
| | രചനോത്സവം | സെപ്തംബർ | | |
| | സംയുക്ത ഡയറി<br>സചിത്ര പുസ്തകം | ആഴ്ചയിൽ<br>രണ്ടു ദിവസം | | |
| | ഭാഷാ മാഗസിൻ<br>(അമ്മപതിപ്പ്) | ജനുവരി | | |

## ഉപമേഖല എൽ.പി ഇംഗ്ലീഷ് – ക്ലാസ്സ് – 1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| A word A Day | A word with picture | July – March | | |
| To improve their vocabulary | Word game<br>Word chain | July – March | | |
| To improve speaking skills | ➢ English Assembly<br>➢ Let's talk | Monthly<br>Weekly | | |
| To improve confidence | Language festival | February | | |

| ഉപമേഖല എൽ.പി ഇ വി എസ്– ക്ലാസ്സ് – 1 | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ആഹാരശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേക തയും തിരിച്ചറിവ് | ഭക്ഷ്യമേള - പ്രദർശനം നാടൻ വിഭവങ്ങൾ ഉപ യോഗിച്ചുള്ള പാചകവും രുചിയറിവും | ജൂൺ - ജൂലായ് - ആഗസ്ത് | | |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | ➢ പുഷ്പോദ്യാനം<br>➢ ഔഷധത്തോട്ടം | ഡിസംബർ ജനുവരി | | |

| ഉപമേഖല എൽ.പി ഗണിതം – ക്ലാസ്സ് – 1 | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| കളികളും നിർമ്മാണപ്രവർത്തന ങ്ങളും ഉൾപ്പെടുത്തി ഗണിതം ലളി തമാക്കൽ | മഞ്ചാടി സഞ്ചി<br>Ten Frame | ജൂൺ - ആഗസ്ത് | | |
| | ജ്യാമിതീയ രൂപങ്ങൾ പരിച യപ്പെടൽ, നിർമ്മിക്കൽ | സെപ്തംബർ | | |
| ഗണന ചിന്ത വളർത്തുക<br>(Computational Thinking) | ഉല്ലാസ ഗണിതം<br>ഗണിതം കളികളിലൂടെ | ആഴ്ചയിൽ 2 ദിവസം | | |
| ഗണിതോത്സവം | ഗണിത ക്യാമ്പ് | ഒക്ടോബർ | | |

| ഉപമേഖല എൽ.പി ക്ലാസ്സ് – 2 | | | |
|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | ചുമതല |
| **വായനോത്സവം**<br>എല്ലാ കുട്ടികളെയും സ്വതന്ത്ര്യ വായനക്കാരായി മാറ്റുക.<br>കുട്ടികളിൽ വായനാശീലം വളർത്തുക | പുസ്തക വായന<br><br>പുസ്തക പരിചയം<br><br>വാർത്താ വായന | ജൂൺ മുതൽ ജനുവരി വരെ<br><br>ജൂലൈ മുതൽ ഫെബ്രുവരി വരെ<br><br>ആഴ്ചയിൽ ഒന്ന് | |
| **രചനോത്സവം**<br>എല്ലാ കുട്ടികളും രചന പ്രവർത്തനങ്ങളിൽ മികവ് പുലർത്തുക | വായനക്കാർഡ് നിർമ്മാണം<br>ക്ലാസ് പത്രം തയ്യാറാക്കൽ<br>മാസിക നിർമ്മാണം<br>(കഥ, കവിത, ഡയറി) | ഒക്ടോബർ, നവംബർ<br><br>മാസത്തിൽ ഒന്ന്<br><br>ജനുവരി, ഫെബ്രുവരി | |
| **പാട്ടരങ്ങ്**<br>താളം മനസിലാക്കി പാഠഭാഗ ത്തുള്ളതും മറ്റു സമാനകവിത കളും ഈണം നൽകി അവതരി പ്പിക്കുന്നു. | ഓരോ പാഠഭാഗത്തിന്റെയും കവിതകൾ, സമാനകവിത കൾ | ഓരോ മാസത്തിലും | |
| ഗണിതചിന്താശേഷി വളർത്തുക | കുസൃതിക്കണക്കുകളും പസിലുകളും പരിചയപ്പെ ടൽ | ആഴ്ചയിൽ ഒരു ദിവസം | |
| കളികളും നിർമ്മാണപ്രവർത്തന ങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | വിവിധതരം ഗണിതകളികൾ<br>ഉല്ലാസഗണിതം<br>ഗണിത മാസിക<br>ഗണിത ക്യാമ്പ് | ആഴ്ചയിൽ 2 ദിവസം<br>വർഷത്തിൽ ഒരു മാസിക<br>2 മാസത്തിൽ ഒരു ക്യാമ്പ് | |
| To improve their vocabulary | Games<br>English Activities | Weekly | |
| To improve speaking skills | Let's talk | Weekly | |
| | English Assembly | Monthly | |
| To improve listening skills | Hello English Activities | Weekly | |
| | Language festival | February | |
| **പരിസര പഠനം**<br>ശാസ്ത്രപഠനം ആസ്വാദകരമാ ക്കുന്നു. | പരീക്ഷണങ്ങൾ | ആഴ്ചയിൽ ഒരു പരീക്ഷണം | |
| നല്ല ആഹാരശീലങ്ങൾ വളർത്തിയെടുക്കുക | **പാനീയമേള**<br>(പാഠഭാഗവുമായി ബന്ധപ്പെട്ട്)<br>**ഭക്ഷ്യമേള**<br>(പാഠഭാഗവുമായി ബന്ധപ്പെട്ട്) | | |
| പരിസരപഠനത്തിലൂടെ ഭാഷാപഠനസാധ്യതകൾ ഒരു ക്കുന്നു. | നാട്ടുവിശേഷം<br>(സ്കൂളിന്റെയും പ്രാദേശിക തയുടെയും വിവരങ്ങൾ അന്വേഷിക്കുന്നു. | മാസത്തിൽ ഒന്ന് | |

| ഉപമേഖല എൽ.പി മലയാളം – ക്ലാസ്സ് – 3 | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസം വായിക്കുവാൻ | ➢ പ്രീടെസ്റ്റ്<br>➢ ഭാവാത്മക വായന<br>➢ ചിത്രവായന<br>➢ കഥ പറയൽ<br>➢ ലൈബ്രറി പുസ്തകങ്ങൾ വായിക്കുക | ജൂൺ<br>അധ്യയന വർഷം മുഴു വൻ | | |
| **അക്ഷരത്തിളക്കം**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനം | അക്ഷരക്കാർഡ്, അക്ഷരപ്പാട്ട്, ചിത്രം, കഥ ഉപയോഗിച്ചുള്ള പ്രവർത്തനം<br>വായനാകാർഡ് തയ്യാറാക്കൽ | ജൂൺ - ഡിസം ബർ | | |
| **ലേഖനം**<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതു വാനുമുള്ള ശേഷി വികസിപ്പി ക്കുക. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവ ഹാരരൂപങ്ങൾ<br>കടങ്കഥകൾ, പഴഞ്ചൊ ല്ലുകൾ ശേഖരണം<br>ചിത്രവിവരണം<br>ചോദ്യങ്ങൾ നിർമിക്കൽ<br>ചോദ്യോത്തരപ്പയറ്റ് | ജൂൺ -<br>ജൂലൈ | | |
| **അറിവുത്സവം**<br>പത്രവാർത്തകൾ, ക്വിസ് മത്സരങ്ങൾ | ➢ ക്ലാസ് ലൈബ്രറി ശാക്തീകരണം<br>➢ പഠനക്വിസ് (മാ സാന്തരം) | ജൂൺ | | |

| ഉപമേഖല എൽ.പി ഇംഗ്ലീഷ് – ക്ലാസ്സ് – 3 | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| To study Alphabets | • Pre test<br>Class room game<br>(Alphabet hunt) | June | | |
| To speak, Read & write English without any mistake | React and circle new words from text book.<br>Sentence building<br>Strong telling with pictures. | June – March | | |
| To develop listening skills and reading skills. | Hello English activities<br>Action songs<br>Use ICT<br>Skit stories | June – July | | |
| Develop the creative speaking and writing | Picture description<br>Rhyming words<br>Add more lines<br>Make word web<br>Book reading •<br>Make riddles | Aug –Sep | | |
| To express thoughts and feelings | Description<br>Thoughts<br>Skit | Oct – Nov | | |
| Develop the creative speaking and writing | Read diary<br>Announcements | Dec –Jan | | |
| To improve the presentation power | Library book reading<br>Develop strong<br>Exhibition | Feb -Mar | | |

| ഉപമേഖല എൽ.പി മലയാളം – ക്ലാസ്സ് – 4 | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| വായനാശേഷി വളർത്തൽ | പ്രീടെസ്റ്റ്<br>പത്ര വായന<br>ലൈബ്രറി പുസ്ത കവായന<br>ക്ലാസ് വായന<br>പുസ്തകപരിചയം | ജൂൺ<br>അധ്യയന വർഷം മുഴു വൻ | | |
| ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊ-ുവരൽ | അക്ഷരക്കാർഡ്<br>വായനാകാർഡ് തയ്യാറാക്കൽ<br>അക്ഷരങ്ങൾ ഉപ യോഗിച്ച് വാക്കു കൾ തയ്യാറാക്കൽ | ജൂലൈ - ഡിസംബർ | | |
| വിവിധ വ്യവഹാരരൂപങ്ങൾ എഴുതാനുള്ള ശേഷി വികസി പ്പിക്കുക. | കഥകൾ, പാട്ടുകൾ, കടങ്കഥകൾ, പഴ ഞ്ചൊല്ലുകൾ ശേഖ രണം ആസ്വാദന ക്കുറിപ്പ് ജീവചരി ത്രക്കുറിപ്പ് | ജൂൺ - ജനുവരി | | |
| പത്രവാർത്തകൾ, ക്വിസ് മത്സര ങ്ങൾ | പൊതുവിജ്ഞാന ക്വിസ് (വാരാന്ത്യം)<br>ദിനാചരണങ്ങളു മായി ബന്ധപ്പെട്ട ക്വിസ് മത്സരങ്ങൾ | ജൂൺ - മാർച്ച് | | |

| ഉപമേഖല എൽ.പി ഇ വി എസ്– ക്ലാസ്സ് – 4 | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| നിരീക്ഷണം - അറിവ് നിർമ്മാണം | പ്രീടെസ്റ്റ്<br>പ്രകൃതി നടത്തം<br>ആമ്പൽക്കുളം നിരീക്ഷണം | ജൂൺ | | |
| പഠന ഉല്പന്നങ്ങളുടെ പ്രദർശനം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം | ഡിസംബർ | | |
| ആവാസ വ്യവസ്ഥകളുടെ സംരക്ഷണം | വൃക്ഷത്തൈ നടൽ<br>പരിസ്ഥിതി ബോധവൽക്കരണ ക്ലാസുകൾ<br>പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക - പോസ്റ്റർ നിർമ്മാണം | ജൂൺ - ഡിസംബർ | | |
| സ്വാതന്ത്ര്യസമരനായകനോട് ആദരവാർന്ന മനോഭാവം രൂപീകരിക്കുക. | ഗാന്ധിജിയെക്കുറിച്ചുള്ള പതിപ്പ്<br>നെഹ്റുവിന്റെ പ്രസംഗങ്ങൾ ഉൾപ്പെടുത്തിയ പതിപ്പ്<br>കൂടുതൽ സ്വാതന്ത്ര്യസമരസേനാനികളുടെ ചിത്രങ്ങൾ ശേഖരിച്ച് ക്ലാസിൽ ചുമർപത്രിക നിർമ്മാണം | ഒക്ടോബർ | | |

## ഉപമേഖല എൽ.പി ഇംഗ്ലീഷ് – ക്ലാസ്സ് – 4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി** ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതുവാനും സംസാരിക്കാനുമുള്ള ശേഷി മെച്ചപ്പെടുത്തുക. | ആഴ്ചയിൽ 2 ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | | |
| **ഇംഗ്ലീഷ് ഡയറി** തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുന്നു. | ആഴ്ചയിൽ മൂന്നു ദിവസം | | |
| **ഇംഗ്ലീഷ് തിയേറ്റർ** സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളായി അവതരിപ്പിക്കൽ (Skit, drama conversation, story telling) | മാസത്തിൽ ഒരു പ്രാവശ്യം | | |
| **ഇംഗ്ലീഷ് മാഗസിൻ** സർഗാത്മകതാ രചനാശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊ–് മാസിക തയ്യാറാക്കൽ | മൂന്നുമാസത്തിൽ ഒരിക്കൽ | | |

## ഉപമേഖല എൽ.പി ഗണിതം – ക്ലാസ്സ് – 4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ | ഗണിത വിജയം കളികൾ<br>സങ്കലന വ്യവകലനം (കച്ചവടക്കളി)<br>അരവിന്ദ ഗുപ്ത സ്ട്രിപ്സ് ഉപയോഗപ്പെടുത്തൽ<br>ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം | ജൂൺ - ഡിസംബർ | | |
| ഗണിതമൂല | ഗണിതപഠനം രസകരമാക്കാൻ വിവിധ വസ്തുക്കൾ ശേഖരിച്ച് (കളിനോട്ട്, നാണയം, മഞ്ചാടി) ക്ലാസിൽ ഒരു ഗണിത മൂല തയ്യാറാക്കൽ | അധ്യയന വർഷം മുഴുവൻ | | |
| ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിനും അളവ് തൂക്കങ്ങൾ മനസ്സിലാക്കുന്നതിനും അവസരമൊരുക്കൽ | അളവുതൂക്കം പരിചയപ്പെടൽ<br>വെള്ളം അളക്കൽ<br>കളിച്ചന്ത | സെപ്തംബർ - നവംബർ | | |
| കണക്കുപെട്ടി | ചതുരക്കാർഡ്, ജിയോ ബോർഡ്<br>ഈർക്കിൽ കഷണം , ടാൻഗ്രാം ചിത്രം<br>സമചതുരങ്ങൾ, പക തുടങ്ങിയവ അടങ്ങിയ ഒരു കണക്കുപെട്ടി എല്ലാവരും നിർമ്മിക്കുക | ജൂൺ | | |

| ഉപമേഖല എൽ.പി സംസ്കൃതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| സംസ്കൃത അക്ഷര ങ്ങൾ മനസിലാക്കാനും തെറ്റ് കൂടാതെ വായി ക്കാനും | അക്ഷരമാല<br>ചിത്രവായന, കഥ<br>സുഭാഷിതം, പുതിയ പദങ്ങൾ | ജൂൺ - മാർച്ച് | | |
| അക്ഷരങ്ങളും ചിഹ്ന ങ്ങളും ഉറപ്പിക്കാനുള്ള പ്രവർത്തനം | അക്ഷരക്കാർഡ്, ചിത്രം, കഥ തുട ങ്ങിയവയെകൊ-ുള്ള പ്രവർത്തനം | ജൂൺ - ആഗസ്ത് | | |
| പരിശീലനം | സംസ്കൃത സ്കോളർഷിപ്പ്, പരിശീ ലനം ക്ലാസ്തലം | ഒക്ടോബർ മുതൽ | | |
| വായനാശേഷി വളർത്തൽ | പാഠപുസ്തകവായന, പരിചയം, ഭിത്തി പത്രിക നിർമ്മാണം, സംഭാ ഷണം | ജൂൺ - ജൂലായ് | | |
| പ്രദർശനം | ലേഖനം, സംഭാഷണം, യോഗപ്രദർശ നം, സംസ്കൃത ദിനാചരണം | ആഗസ്ത് | | |

## ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ  യു പി

| ഉപമേഖല സോഷ്യൽ സയൻസ് യുപി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| പഠിതാക്കളിൽ സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | മുന്നറിവ് പരിശോധനയുമായി ബന്ധപ്പെട്ട ചോദ്യാവലി നൽകുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പിടിഎ |
| കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തുക | വിവിധ ദിനാചരണങ്ങൾ ക്വിസ്സുകൾ പ്രശ്നോത്തരി | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| വിവര വിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക | സൈബർ സുരക്ഷയെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ഉപമേഖല മലയാളം യുപി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയസംവേദനം, പദസമ്പത്ത് എന്നിവ വളർത്തുക. | അവധിക്കാല പ്രവർത്തനങ്ങൾ<br>കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു. ( കഥ, കവിത, യാത്രാനുഭവം )<br>**ഭാഷാകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ കണ്ടെത്തി അക്ഷര ശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ<br><br>എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| പഠിതാവിൽ അർത്ഥ പൂർണ്ണമായ വായന ഉറപ്പു വരുത്തുക | ആനുകാലിക പ്രസിദ്ധീകരണങ്ങൾ പരിചയപ്പെടുത്തുകയും, അതുവഴി ഉച്ചാരണ ശുദ്ധി, പ്രതികരണശേഷി, വായനാശീലം എന്നിവ വളർത്തുന്നു | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| മലയാള സാഹിത്യത്തോടും സാഹിത്യകാരന്മാരോടും, അനുഭാവം പുലർത്തുക. | പ്രാദേശിക എഴുത്തുകാർ, കലാകാരന്മാർ എന്നിവരെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള അഭിമുഖങ്ങളും, സംവാദങ്ങളും | ജൂലൈ | മലയാളം അധ്യാപകർ<br><br>വിദ്യാരംഗം കലാസാഹിത്യ വേദി | |
| കുട്ടികളുടെ കലാവാസനകളെ വളർത്തിയെടുക്കാൻ | ചൊൽ കാഴ്ചകൾ, ലഘു നാടകങ്ങൾ എന്നിവ അവതരിപ്പിക്കാനുള്ള അവസരം.<br><br>കഥാ രചനയുടെ വിവിധ വശങ്ങൾ പരിചയപ്പെടുത്തുന്നതിനായി കഥാശില്പശാല സംഘടിപ്പിക്കുന്നു | വർഷത്തിൽ ഒരു തവണ | മലയാളം അധ്യാപകർ<br><br>വിദ്യാരംഗം കലാസാഹിത്യ വേദി | പിടിഎ ഫണ്ട് |

| ഉപമേഖല ബേസിക് സയൻസ് യുപി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ശാസ്ത്ര ആശയങ്ങൾ രസകരമായി കുട്ടികൾ സ്വാംശീകരിക്കുന്നു. | ➢ ലാബ് ശാക്തീകരണം<br>➢ ഓരോ യൂണിറ്റിലെയും പരീക്ഷണ സാധ്യതയുള്ള ഭാഗങ്ങൾ അക്കാദമിക വർഷാരംഭത്തിൽ തന്നെ കണ്ടെത്തുന്നു<br>➢ ഓരോ യൂണിറ്റുമായും ബന്ധപ്പെട്ട പഠനോപകരണങ്ങൾ ലിസ്റ്റ് ചെയ്യുന്നു<br>➢ അവ നിർമ്മിക്കുന്നതിന് ആവശ്യമായ സാധനസാമഗ്രികൾ തയ്യാറാക്കുന്നു<br>➢ പരീക്ഷണം, നിരീക്ഷണം, നിഗമനത്തിൽ എത്തിച്ചേരൽ, നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തൽ സമാനമായ മറ്റ് പ്രവർത്തനങ്ങൾ കണ്ടെത്തൽ<br>➢ ശാസ്ത്ര അഭിരുചി വളർത്താൻ സയൻസ് കിറ്റ്, ഹോം ലാബ് കണ്ടെത്തുക | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ<br>സയൻസ് ക്ലബ് | പിടിഎ<br>സയൻസ് ക്ലബ് |
| | ➢ വാനനിരീക്ഷണം<br>➢ പഠനോപകരണ ശില്പശാല | ജനുവരി<br>ഫെബ്രുവരി | ശാസ്ത്ര അധ്യാപകർ<br>സയൻസ് ക്ലബ് | സയൻസ് ക്ലബ് |
| നൂതന ആശയങ്ങൾ അറിയുന്നതിലൂടെ മികവ് ഉറപ്പുവരുത്തുന്നു | ➢ ദിനാചരണങ്ങൾ അനുയോജ്യമായ രീതിയിൽ ആചരിക്കുന്നു<br>➢ പോസ്റ്റർ നിർമ്മാണ മത്സരം<br>➢ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ക്വിസ്, കുറിപ്പ് വായന എന്നിവ നടത്തുന്നു | | | |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ➢ പച്ചക്കറിത്തോട്ടം, കുളം, ശലഭോദ്യാനം, ഔഷധത്തോട്ടം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം<br>➢ വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ<br>➢ ഫീൽഡ് ട്രിപ്പ് | ജൂൺ മാർച്ച് | ശാസ്ത്ര ക്ലബ്ബ്<br>ഹരിത ക്ലബ്ബ് | പിടിഎ<br>സയൻസ് ക്ലബ് |

## ഉപമേഖല ഗണിതം യുപി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രസകരമായ ഗണിത ശാസ്ത്ര പഠനവും കര ചലനശേഷികളും വി കാസവും | ചാർട്ടുകളും കടലാസ്സുകളും ഉപയോഗിച്ച് പലരൂപങ്ങൾ നിർമ്മി ക്കൽ | ജൂൺ | ഗണിത അ ധ്യാപകർ | |
| ഗണിതക്രിയ ശേഷി വികാസം | അടിസ്ഥാന ക്രിയകൾ ഉറപ്പി ക്കുന്നതിനുള്ള പ്രവർത്തനങ്ങ ൾ (നമ്പർ കാർഡ്, മഞ്ചാടിക്കു രു, മുത്തുകൾ,ഫ്ളാഷ് കാർഡ്) | വർഷത്തിൽ ആവ ശ്യാനുസരണം | ഗണിത ക്ലബ്ബ് | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കു ന്ന കുട്ടികളെ മുൻനിര യിൽ എത്തിക്കുന്നു | മുന്നോക്കം നിൽക്കുന്ന കുട്ടി കളെ ഉപയോഗിച്ചുകൊണ്ട് പിന്നോക്കം നിൽക്കുന്ന കുട്ടിക ൾക്ക് പഠനസഹായം നൽകൽ | തുടർ പ്രവർത്തനം | ഗണിത അധ്യാ പകർ ഗണിതത്തിൽ മുന്നോക്കം നി ൽക്കുന്ന കുട്ടി കൾ | |
| ഭിന്ന സംഖ്യകൾ കൂ ടുതൽ വ്യക്തത വ രുത്താൻ | മഞ്ചാടി | തുടർ പ്രവർത്തനം | ഗണിത അ ധ്യാപകൻ | |

## ഉപമേഖല ഇംഗ്ലീഷ് യുപി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| An opportunity to listen to proper English and speak it effortlessly | Recording and presenting English radio news, creating an opportunity to listen to proper pronunciation | Once a week | English Teachers | |
| Practising expressive reading | Reader of the month Providing an opportunity to read English newspapers. Selecting the Reader of the Month | Every month | English Teachers | |
| Improving confidence in the English language | Give opportunities to present activities such as storytelling, story writing, role play, poem writing & speeches in the classroom | During all English periods | English Teachers | |

| ഉപമേഖല അറബി യുപി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരേ പോലെ ഉള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുക | **കൈത്താങ്ങ്**<br>ടെസ്റ്റ് നടത്തി ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. സ്കൂളുകളിലെ സ്മാർട്ട് റൂമുകൾ ഉപയോഗിച്ച് ഗെയിമുകൾ , ഫ്ളാഷ് കാർഡുകൾ നിറം നൽകാൻ പോലുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു.പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യൽ. | മൂന്നുമാസം | അറബി അധ്യാപകർ | |
| അറബി ഭാഷ വർദ്ധിപ്പിക്കുക. പദസമ്പത്ത് അധികരിപ്പിക്കുക | **പുതിയ പദം പരിചയപ്പെടൽ**<br>ആഴ്ചയിൽ ഒരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ അഞ്ചു വാക്കുകൾ കഥ കവിത പുസ്തകങ്ങളിൽ നിന്നോ പ്രൊജക്ടർ സ്ക്രീനിൽ കഥ,കവിത എന്നിവ കാണിച്ചു ശേഖരിക്കാൻ സാഹചര്യം ഒരുക്കുന്നു.ലഘു സംഭാഷണങ്ങൾ,പാഠഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളിയായവർക്ക് സമ്മാനം നൽകുന്നു. സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നൽകുകയും ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അറബി അധ്യാപകർ | |
| ഓരോ മാസവും കുട്ടികൾ വായന തല്പരരാവുകയും ഭാഷാശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക<br><br>വ്യത്യസ്ത ദിനങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം | മാസത്തിലൊരിക്കൽ ക്ലാസ്‌ലത്തിൽ വായനാ മത്സരം ,കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു.പൊതുവിവരങ്ങൾ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു.<br><br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും മത്സരം സംഘടിപ്പിക്കുകയും ചെയ്യുക .പ്രതിമകളെ കണ്ടെത്തുവാനായി മാസത്തിലൊരിക്കൽ അറബിക് ബാലസഭ നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അറബി അധ്യാപകർ | |

# ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ  ഹൈസ്കൂൾ

| ഉപമേഖല  ഹൈസ്കൂൾ സോഷ്യൽ സയൻസ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ സാമൂഹ്യ പരിഷ്കാർത്താക്കളെ പരിചയപ്പെടുക | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്താൻ പഠിക്കുക | ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുക. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്, ഗ്ലോബ് എന്നിവ പരിചയപ്പെടുക | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | ക്വിസ്സുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെ കുറിച്ചു കൂടുതൽ വ്യക്തമായ ധാരണനൽകുക. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# ഉപമേഖല ഹൈസ്കൂൾ ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയധാരണ കൈവരിക്കൽ | പ്രിടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ.<br>പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അടിസ്ഥാന ആശയം ഉറപ്പിക്കൽ. | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ. | |
| കുട്ടികളിൽ ഗണിതത്തോടുള്ള അഭിരുചിയും താൽപര്യവും വർദ്ധിപ്പിക്കൽ | ഗണിതക്ലബ് ഉദ്ഘാടനം .<br>Maths bulletin board സ്ഥാപിക്കൽ | ജൂലായ് | ഗണിത ക്ലബ് | |
| നിർമിതികളിലെ ശേഷി കൈവരിക്കൽ .<br>ഗണിതമേളകളിൽ ഊർജ്വസ്വലത കൈവരിക്കൽ | ഗണിതമേളയുമായി ബന്ധപ്പെട്ട വർക്ക് ഷോപ്പ് .<br>ഗണിത മാഗസിൻ<br>ഗണിത ക്വിസ് മത്സരം<br>സ്കൂൾ ഗണിതമേള<br>ദേശീയഗണിതദിനം ആഘോഷം | ആഗസ്ത്<br>തുടർപ്രവർത്തനം | ഗണിത അധ്യാപകർ<br>ഗണിത ക്ലബ് | |
| ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ഗണിത ശിൽപശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ, നിർമിക്കൽ | അക്കാദമിക വർഷത്തിൽ ഒന്ന്. | | PTA |

# ഉപമേഖല ഹൈസ്കൂൾ മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1) മുന്നറിയിപ്പ് പരീക്ഷ<br>2) അക്ഷരമുറപ്പിക്കൽ<br>3) ചിഹ്നം ഉറപ്പിക്കൽ<br>4) വാക്യങ്ങൾ നിർമ്മിക്കൽ<br>5) ചിത്രം അടിക്കുറിപ്പ്<br>6) ചിത്രം കഥയെഴുതൽ<br>7) ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന വർക്ക് പ്രത്യേക ക്ലാസ്സ്. | മൂന്ന് മാസം (ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ) | | |
| കുട്ടികളിലെ സർഗ്ഗശേഷി വികസനം | ➢ വായനാനുഭവം പങ്കുവെക്കൽ<br>➢ സ്വന്തം രചനകൾ അവതരിപ്പിക്കൽ<br>➢ പുസ്തക ചർച്ച<br>➢ പതിപ്പ് തയ്യാറാക്കൽ | 6 മാസം | | |
| സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | ➢ പ്രസംഗമത്സരം<br>➢ ചർച്ച , സംവാദം<br>➢ മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ കേൾപ്പിക്കുന്നു | 6 മാസം ജൂലൈ ഡിസംബർ | | |

| ഉപമേഖല ഹൈസ്കൂൾ ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്, ഇംഗ്ലീഷ് കാർട്ടൂൺപ്രദർശനം. | ആഴ്ചയിൽ ഒരു ദിവസം | സബ്ജെക്ട് ടീച്ചേർസ | |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകുക | സിനിമ, ഡോക്യുമെന്ററി പ്രദർശനം. Roleplay ,Poem, Story, Essay writing. | വർഷത്തിൽ രണ്ടുതവണ | | |
| സ്വതന്ത്രമായ വായനയ്ക്ക് സജ്ജരാക്കുക | News Reading Competetion. ബുക്ക് റിവ്യൂ. പബ്ലിക് സ്പീകിംഗ് | വർഷത്തിൽ രണ്ടുതവണ. ആഴ്ചയിൽഒരിക്കൽ | | |

| ഉപമേഖല ഹൈസ്കൂൾ ഹിന്ദി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർധിപ്പിക്കുന്നു | കഥാ വായന, കവിത വായന, എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| മാതൃഭാഷയെ പോലെ നിർഭയം ഹിന്ദിയും കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ടു പ്രസിദ്ധ സാഹിത്യകാരൻമാരുടെ കഥകൾ, നോവലുകൾ, എന്നിവ വായിക്കുവാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | |
| ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സുരീലി ഹിന്ദി ) | ദിനാചരണങ്ങൾ( ജൂലൈ 31, സെപ്റ്റംബർ 14, ജനുവരി 10 ) ക്ലാസ്സ്ലൈബ്രറി ഹിന്ദിക്ലബ്പ്രവർത്തനങ്ങൾ | ജൂലൈ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

| ഉപമേഖല ഹൈസ്കൂൾ സയൻസ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ശാസ്ത്രലോകം അത്ഭുതങ്ങളുടെ | പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ അവതരിപ്പിക്കുന്നു.<br>മോഡലുകൾ നിർമ്മിക്കാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്തു കുട്ടികളെ കൊണ്ട് മോഡലുകൾ ,ശാസ്ത്ര വസ്തുക്കൾ ഉണ്ടാക്കി പ്രദർശിപ്പിക്കുന്നു.<br>ക്ലാസ്സുകളിൽ പ്രോജക്ടുകൾ കൊടുത്തു ഏറ്റവും നല്ലത് പൊതുവേദിയിൽ അവതരി പ്പിക്കുന്നു.<br>ക്ലാസ്സുകളിൽ സെമിനാർ അവതരിപ്പിച്ചു മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിച്ചു ശാസ്ത്ര ശില്പശാലകൾ നടത്തുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ് അംഗങ്ങൾ | പിടിഎ ,മാനേജ്മെന്റ്, സയൻസ് ക്ലബ്ബ് അംഗങ്ങൾ |
| വൈജ്ഞാനിക ബഹിർസ്ഫുരണം അന്വേഷണാത്മക ചിന്ത വർധിപ്പിക്കാൻ നേരറിവ് നേടാൻ. | തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ.<br>പച്ചക്കറി തോട്ടം നിർമ്മിക്കൽ.<br>പുത്തൻ സാങ്കേതിക വിദ്യ കണ്ടെത്തലും ,പരിചയപ്പെടുത്തലും.<br>ശാസ്ത്രകാരന്മാരുമായുള്ള സംവാദം. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ് ,ഹരിത സേന | |
| സയൻസ് ഫിലിം ഫെസ്റ്റ്, ലിറ്റിൽ സയന്റിസ്റ്റ്. | ശാസ്ത്ര വിഷയത്തിൽ താൽപര്യം ജനിപ്പിക്കുന്ന പ്രവർത്തനങ്ങൾ ,ശാസ്ത്രസംഭവങ്ങൾ ,പ്രതിഭാസങ്ങൾ ,കണ്ടുപിടിത്തങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി നിർമിച്ച സിനിമകളുടെ പ്രദർശനം.<br>നിത്യ ജീവിതവുമായി ബന്ധപ്പെട്ട ശാസ്ത്ര പരീക്ഷണങ്ങൾ ,നവീന ആശയങ്ങൾ ഉൾപ്പെടുത്തി സമൂഹത്തിന് ഉപകാരപ്രദമായ രീതിയിൽ ഉപകരണങ്ങൾ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് അംഗങ്ങൾ ,അധ്യാപകർ | പിടിഎ, മാനേജ്മെൻറ് |

## ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ  ക്ലബ്, ജനറൽ

| ഉപമേഖല ICT | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവ ങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക. | ICT പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക ഇതിനായി സ്കൂൾ തലത്തിൽ ICT ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | | |
| പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക. | ഹ്രസ്വ ചലച്ചിത്ര നിർമ്മാണങ്ങൾ സംഘടിപ്പിക്കുക. ഇതുവഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു. | അക്കാദമിക വർഷം | | |
| നിത്യജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ് വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേടുക. | സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെ നടത്തുന്നു. | അക്കാദമിക വർഷം | | |
| സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം | വിഷയാധിഷ്ഠിതമായി ICT ഉപയോഗിച്ച് കൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു. | അക്കാദമിക വർഷം | | |

| ഉപമേഖല  വിദ്യാരംഗം കലാസാഹിത്യ വേദി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | ➢ ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>➢ പത്രവായന<br>➢ പുസ്തക ചർച്ച<br>➢ ദിനാചരണം<br>➢ പുസ്തകാസ്വാദനം<br>➢ ആസ്വാദകരമായ വായന | ജൂലൈ , ഡിസംബർ | വിദ്യാരംഗം കലാസാഹിത്യ വേദി | |
| കുട്ടിയെ സാമൂഹ്യ പ്രതിബദ്ധതയുള്ളവൻ ആക്കുക | ➢ പ്രാദേശികമായി വിവിധ തലങ്ങളിൽ കഴിവ് തെളിയിച്ച വിശിഷ്ട വ്യക്തികളുമായുള്ള അഭിമുഖം (കല , പരിസ്ഥിതി, കായികം)<br>➢ സാമൂഹ്യ പ്രതിബദ്ധതയുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന കലാരൂപങ്ങളുടെ പ്രദർശനം (സിനിമ, നാടകം ) | 2 മാസം | വിദ്യാരംഗം കലാസാഹിത്യ വേദി | |
| കുട്ടിയിലെ സർഗ്ഗശേഷി വികസനം | ➢ രചന മത്സരങ്ങൾ ( കഥ, കവിത , ഉപന്യാസം)<br>➢ കവിതാലാപനം<br>➢ അഭിനയം<br>➢ ചിത്രരചന | 3 മാസം (ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ ) | വിദ്യാരംഗം കലാസാഹിത്യ വേദി | |

| ഉപമേഖല കായികം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ശാരീരിക മാനസിക ആരോഗ്യം പരിപോഷിപ്പിക്കൽ | ➢ ഫുട്ബോൾ<br>➢ ഖൊഖൊ<br>➢ റോളർ സ്കേറ്റിംഗ്<br>വിദ്യാലയത്തിലെ കുട്ടികളെ ഇവ മൂന്നും പരിശീലിപ്പിച്ച് സംസ്ഥാന ദേശീയ മത്സരങ്ങൾക്ക് തയ്യാറാക്കൽ | അക്കാദമിക വർഷം | കായിക അധ്യാപകൻ | |
| അച്ചടക്കം | ആഴ്ചയിൽ ഒരു ദിവസം ക്ലാസ് അടിസ്ഥാനത്തിൽ മാസ്സ് ഡ്രിൽ പരിശീലനം | അക്കാദമിക വർഷം | കായിക അധ്യാപകൻ | |
| ശാരീരിക മാനസിക ആരോഗ്യം | ഏറോബിക്സ് ഡാൻസ് | മാസത്തിൽ ഒരു തവണ | കായിക അധ്യാപകൻ | |

| ഉപമേഖല CUB & BULBUL | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ദിനാചരണങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന്. | എല്ലാ ദിനാചരണങ്ങളിലും പങ്കാളികളാകുന്നു. | ജൂൺ - മാർച്ച് | | |
| ആരോഗ്യപരമായ ശീലങ്ങൾ വളർത്തിയെടുക്കുക. | ശുചീകരണ പ്രവർത്തനങ്ങൾ (സ്കൂൾ, പരിസരം) | മാസത്തിൽ ഒരു തവണ | | |
| സംഘബോധത്തോടെയും സഹകരണത്തോടെയും പ്രവർത്തിക്കാനുള്ള നൈപുണി നേടിയെടുക്കുക. | ഏകദിനക്യാമ്പ് | ഡിസംബർ | | PTA |

| ഉപമേഖല   ലിറ്റിൽ കൈറ്റ്സ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| കുട്ടികളിലും രക്ഷിതാക്കളിലും കമ്പ്യൂട്ടർ ബോധവൽക്കരണം ഉണ്ടാക്കുക | എട്ടാം ക്ലാസിലെ കുട്ടികൾക്ക് ഹൈടെക് ക്ലാസുകളും പരിപാലനവുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസ് ഹൈസ്കൂൾ ക്ലാസിലെ കുട്ടികളുടെ രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിന് ആവശ്യമായ അടിസ്ഥാന ബോധവൽക്കരണം സമ്പൂർണ്ണ ,സമഗ്ര ഹോട്ടലുകൾ പരിചയപ്പെടുത്തൽ | ജൂൺമാസം | | പി ടി എ |
| കുട്ടികളുടെയും അധ്യാപകരുടെയും ഡിജിറ്റൽ സർഗ വാസന വളർത്തിയെടുക്കൽ | പരിചയ സമ്പന്നരായ അധ്യാപകർ, മാസ്റ്റർ ട്രെയിനർമാർ, ലിറ്റിൽ കൈറ്റ്സ് അധ്യാപകർ എന്നിവരെ ഉപയോഗപ്പെടുത്തി മൊബൈൽ ഫോണിൽ കമ്പ്യൂട്ടറിൽ ഡിജിറ്റൽ പോസ്റ്റർ,റീൽസ് എന്നിവ നിർമ്മിക്കുന്നതിനുള്ള ക്ലാസുകൾ വർക്ക് ഷോപ്പുകൾ | ജൂലൈ | | |
| ദേശീയ അന്തർ ദേശീയ ദിനാചരണങ്ങൾ | ഡിജിറ്റൽ പോസ്റ്റർ നിർമ്മാണം റീൽസ് നിർമ്മാണം | വർഷം മുഴുവൻ | | |
| സ്കൂളിലെ പ്രവർത്തനങ്ങൾ സമൂഹത്തിൽ എത്തിക്കൽ | സ്കൂളിലെ മുഴുവൻ പ്രവർത്തനങ്ങളുടെയും ഡിജിറ്റൽ ഡോക്യുമെന്റേഷൻ സ്കൂളിലെ പ്രവർത്തനങ്ങൾ സ്കൂളിൽ വിക്കി പോർട്ടലിൽ ചേർക്കൽ | വർഷം മുഴുവൻ | | |
| സ്കൂൾ കുട്ടികളുടെ ഡിജിറ്റൽ സർഗാത്മകത പരിപോഷിപ്പിക്കാൻ | തായ്നേരി സ്കൂളിന് തൊട്ടടുള്ള യു പി സ്കൂളിലെ കുട്ടികൾക്ക് ആനിമേഷൻ,റോബോട്ടിക്സ് തുടങ്ങിയ ക്ലാസ്സുകൾ | ജൂലൈ ആഗസ്ത് | | |

| ഉപമേഖല JRC | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| പകർച്ചാ വ്യാധിക ൾക്കെതിരെ ജാഗ്ര ത പുലർത്തൽ | സ്ലിപ്പുകൾ വിതരണം നടത്തൽ ക്ലാസുകൾ നൽകുക | 3 മാസം | | |
| നിർധനരെ സഹാ യിക്കൽ | ഒരു പിടി അരി, ഒരു വസ്ത്രം | 1 വർഷം | | |
| ഗ്രീൻ ക്യാമ്പസ്, ക്ലീ ൻ ക്യാമ്പസ് | സ്കൂൾ പരിസര ശുചീകരണം | മാസത്തിൽ ഒരു തവണ | | |
| കൃഷിയോടുള്ള താ ല്പര്യം വളർ ത്തിയെടുക്കുക | പച്ചക്കറി തോട്ട നിർമാണം | ഓഗസ്റ്റ് മാസം | | |
| ലഹരി വിരുദ്ധ ബോധവത്കരണം | ➢ ലഹരിക്കെതിരെ പോസ്റ്ററുകൾ<br>➢ റാലി നടത്തുക<br>➢ ലഹരി വിരുദ്ധ ക്ലാസുകൾ | വർഷത്തിൽ ഒരു തവണ | | |
| ദേശീയ അന്ത ർദേശീയ ദിനാചര ണങ്ങൾ | ➢ പോസ്റ്ററുകൾ നിർമ്മിക്കുക<br>➢ റാലി നടത്തുക | ദിനാചരണ മാസങ്ങൾ | | |

| ഉപമേഖല SCOUT & GUIDE | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ദിനാചരണങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് പ്രവ ർത്തിക്കുന്നു | എല്ലാ ദിനാചരണങ്ങളിലും സ്കൗട്ട് ആൻഡ് ഗൈഡ് പങ്കാളികളാവുന്നു | ജൂൺ മാർച്ച് | | |
| യുദ്ധവിരുദ്ധ അ വബോധം ഉണ്ടാ ക്കുന്നു | യുദ്ധ വിരുദ്ധ റാലി സംഘടിപ്പി ക്കുന്നു<br>പോസ്റ്റർ നിർമ്മാണം | ആഗസ്റ്റ് | | |
| ലഹരി വിരുദ്ധ പ്ര വർത്ത നങ്ങൾ പ ങ്കാളികളാകുന്നു | ലഹരി വിരുദ്ധ റാലി,<br>പോസ്റ്റർ നിർമ്മാണം | ജൂൺ ജൂലൈ | | |
| കേരള ചരിത്ര പഠ നത്തിന് അവസരം ഒരുക്കുന്നു | കേരളപ്പിറവി ദിനം ക്വിസ് മ ത്സരം | നവംബർ | | |

| ഉപമേഖല FILM CLUB | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| സിനിമയെ അറിയാ ൻ | ഫിലിം ഫെസ്റ്റിവൽ | ജൂലൈ | ഫിലിം<br>ക്ലബ് അംഗങ്ങൾ | |
| ഷോർട് ഫിലിംമുമാ യിബന്ധപ്പെട്ട് നേരി ട്ടുള്ള പങ്കാളിത്തം | ഷോർട്ട് ഫിലിം പരിശീലന കള രി | സെപ്റ്റംബർ | ഫിലിം ക്ലബ് | |
| കലാപ്രവർത്തനം, നേതൃ പാടവം | ഷോർട്ട് ഫിലിം നിർമ്മാണം | ഡിസംബർ | ഫിലിം ക്ലബ് | |

## ഉപസംഹാരം:

ഞങ്ങളുടെ സ്കൂളിന്റെ ഭാവിയിലേക്കുള്ള പ്രധാന ചുവടുവെപ്പാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ. ഇത് ഞങ്ങളുടെ വിദ്യാർത്ഥികൾക്ക് മികച്ച പഠനവും വളർച്ചയും ഉറപ്പാക്കുന്നു. എല്ലാവരുടെയും കൂട്ടായ പരിശ്രമത്തിലൂടെ തയ്യാറാക്കിയ ഈ പദ്ധതി, ഓരോ വിദ്യാർത്ഥിക്കും അവരുടെ കഴിവുകൾ പൂർണ്ണമായി വികസിപ്പിക്കാൻ സഹായിക്കുന്ന ഒരു നല്ല പഠനാന്തരീക്ഷം ഒരുക്കുന്നതിനുള്ള ഞങ്ങളുടെ പ്രതിബദ്ധത കാണിക്കുന്നു.

പുതിയ പാഠ്യപദ്ധതികൾ കൊണ്ടുവരുന്നതിനും, മികച്ച അദ്ധ്യാപന രീതികൾ ഉപയോഗിക്കുന്നതിനും, സാങ്കേതികവിദ്യ പഠനത്തിനായി പ്രയോജനപ്പെടുത്തുന്നതിനും, അധ്യാപകർക്ക് തുടർച്ചയായ പരിശീലനം നൽകുന്നതിനും ഞങ്ങൾ ഈ പദ്ധതിയിൽ ഊന്നൽ നൽകുന്നു. പഠനത്തോടൊപ്പം ചിന്തിക്കാനുള്ള കഴിവ്, സർഗ്ഗാത്മകത, ലോകത്തെക്കുറിച്ചുള്ള അറിവ്, നല്ല മൂല്യങ്ങൾ എന്നിവയും വിദ്യാർത്ഥികൾക്ക് ലഭിക്കണം എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ വിജയിപ്പിക്കാൻ ഞങ്ങളുടെ സ്കൂളിലെ വിദ്യാർത്ഥികളും, അധ്യാപകരും, രക്ഷിതാക്കളും, ഭരണാധികാരികളും ഒരുമിച്ച് പ്രവർത്തിക്കണം. ഇത് മാറിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ രീതികൾക്കും വിദ്യാർത്ഥികളുടെ ആവശ്യങ്ങൾക്കുമനുസരിച്ച് മാറ്റങ്ങൾ വരുത്താൻ കഴിയുന്ന ഒരു പദ്ധതിയാണ്. ഈ പദ്ധതി വെറും ലക്ഷ്യങ്ങൾ മാത്രമല്ല; ഞങ്ങളുടെ സ്കൂൾ വിദ്യാഭ്യാസത്തിൽ മികവും, പുതിയ ആശയങ്ങളും, വിദ്യാർത്ഥികളുടെ വിജയത്തോടുള്ള ഉറച്ച പ്രതിബദ്ധതയും കാണിക്കുന്ന ഒരു സ്ഥാപനമായി മാറാനുള്ള ഞങ്ങളുടെ പങ്കിട്ട സ്വപ്നമാണ്. വരും തലമുറയിലെ വിദ്യാർത്ഥികൾക്ക് നല്ലൊരു ഭാവിക്കായി ഈ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.